## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3355 21.12.2012 ൽ മറുപടിയ്ക്ക്

## കാർഷിക ട്രിബ്യൂണൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എം. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക ട്രിബ്യൂണൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ, ട്രിബ്യൂണലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) കൃഷി അനുബന്ധ മേഖലകളിലെ ഉല്പാദനം, വിപണനം, വിതരണം, സേവനം എന്നീ ഘടകങ്ങളുമായി ബന്ധപ്പെട്ട് വരുന്ന നിയമപ്രശ്നങ്ങളും പരിഹാര നിർവ്വഹണവും കൈകാര്യം ചെയ്യുക എന്നതാണ് കാർഷിക ട്രിബ്യൂണലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. നിയമസംരക്ഷണം ലഭിക്കാതെ പോകുന്ന ധാരാളം കാർഷിക പ്രശ്നങ്ങൾക്ക് ഇത് ഒരു പരിഹാരമാകുന്നതാണ്. വിത്ത്, രാസവളം, കാർഷിക യന്ത്രങ്ങൾ, കീടനാശിനികൾ, ജൈവവളങ്ങൾ മറ്റ് ഉല്പാദനോപാധികൾ എന്നിവയിലെല്ലാം തന്നെ ഗുണനിലവാരം കുറഞ്ഞ വസ്തുക്കൾ വാങ്ങി പലപ്പോഴും കർഷകർ വഞ്ചിതരാകാറുണ്ട്. നിയമസംരക്ഷണം കോടതികൾ വഴി ആകുമ്പോഴുള്ള കാലതാമസം കർഷകന് ബുദ്ധിമുട്ടുണ്ടാക്കാറുണ്ട്. ഇതിന് ഒരു പരിഹാരമായിട്ടാണ് ട്രിബ്യൂണൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) ട്രിബ്യൂണലിലെ അംഗങ്ങൾ ആരൊക്കെയാണ്; ആസ്ഥാനം എവിടെയാണ്? | (സി) ജില്ലാ ജഡ്ജിയുടെ റാങ്കിൽ കുറയാത്ത ഒരു നിയമവിദഗ്ധൻ അദ്ധ്യക്ഷനായുള്ള ഒരു സമിതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അംഗങ്ങളും ആസ്ഥാനവും തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ